# 89. കോഴക്കോളേജുകൾ

ജോലി നൽകപ്പെടുന്നതിന് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരിൽനിന്നും പ്രവേശനം നൽകപ്പെടുന്നതിന് വിദ്യാർത്ഥികളിൽനിന്നും കോഴ വാങ്ങുന്ന കോളേജുകളെയാണ് 'കോഴക്കോളേജുകൾ' എന്നതുകൊണ്ടു വിവക്ഷിക്കുന്നത്. ജീവനക്കാർക്കു ശമ്പളം നൽകുന്ന ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത സംസ്ഥാനങ്ങളിൽ, നിയമനത്തിന് പ്രതിഫലമായി ജീവനക്കാരിൽനിന്നു കോഴ വാങ്ങാത്ത സ്വകാര്യ കോളേജുകൾ വിരലിലെണ്ണാവുന്നവ മാത്രമേയുള്ളു. കോഴ വാങ്ങുന്നത് സാമർത്ഥ്യവും, കോഴ വാങ്ങാതിരിക്കുന്നത് മൂഢതയും ആണെന്ന ധാരണ ഇന്ന് ഏറെക്കുറെ സാർവത്രികമായിട്ടുണ്ട്. നിയമനത്തിന് അപേക്ഷിക്കുന്നവരോട് പരസ്യമായി കോഴ ചോദിക്കാനും, കൂടുതൽ വലിയ തുക കോഴയായി നൽകുന്നവരെ മറ്റു യോഗ്യതകൾ ഏതുതരത്തിലിരുന്നാലും, ഉദ്യോഗങ്ങളിൽ നിയമിക്കാനും മാനേജുമെൻറുകൾക്ക് ഉളുപ്പില്ലാതായിരിക്കുന്നു. കോഴ വാങ്ങുന്നതിൽനിന്ന് അവരെ തടയാൻ നിയമമൊന്നുമില്ല; നിയമമുണ്ടെങ്കിൽത്തന്നെ അതു് പ്രയോഗത്തിൽ വരുത്തുന്നുമില്ല. സർക്കാരുകൾക്കും അവയെ നിയന്ത്രിക്കുന്ന രാഷ്ട്രീയപ്പാർട്ടികൾക്കും ഉദ്യോഗനിയമനക്കോഴയെ പ്രോത്സാഹിപ്പിക്കുന്നതിലാണു താല്പര്യം. ഈ വിഷയത്തിൽ വലതു്-ഇടതു് ഭേദമില്ല. കോഴ കൊടുത്തു് ഉദ്യോഗത്തിൽ കയറിപ്പറ്റുന്നതു് നാണക്കേടായല്ല; മിടുക്കായാണ് ജീവനക്കാരും കരുതുന്നതു്.

എന്നാൽ, പ്രവേശനത്തിന് വിദ്യാർത്ഥികളിൽനിന്നു കോഴ വാങ്ങുന്നതു തെറ്റാണെന്ന ധാരണ ഇന്നും കുറെയൊക്കെ നിലവിലുണ്ട്. അതുകൊണ്ടാണല്ലോ വിദ്യാർത്ഥി-പ്രവേശനക്കോഴയെ തടയാനല്ലെങ്കിൽ നിയന്ത്രിക്കാനെങ്കിലും സർക്കാറുകൾ ശ്രമിക്കുന്നതു്. സ്വകാര്യ കോളേജുകളിൽ പ്രവേശനം നൽകാവുന്ന വിദ്യാർത്ഥികളുടെ മൊത്തം സീററുകളെ, കോഴ വാങ്ങാവുന്ന 'മാനേജുമെൻറ് ക്വാട്ട' എന്നും കോഴ വാങ്ങിക്കൂടാത്ത 'സർക്കാർ ക്വാട്ട' യെന്നും രണ്ടായി വിഭജിക്കലാണ് നിലവിലുള്ള സമ്പ്രദായം. ഇതിന് ആവശ്യമായ നിയമങ്ങൾ സർക്കാറുകൾ ഉണ്ടാക്കിയിട്ടുണ്ടു്. 'സർക്കാർ ക്വാട്ട' യിൽപ്പെട്ട സീററുകളിൽ കുറെ അധികം എണ്ണം ഗിരിജനങ്ങൾ, ഹരിജനങ്ങൾ, വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന ജാതിക്കാർ, സ്പോർട്സ് മുതലായ ചില രംഗങ്ങളിൽ വിദഗ്ദ്ധർ മുതലായവർക്കായി സംവരണം ചെയ്തിരിക്കുന്നു. ശേഷിക്കുന്ന വളരെക്കുറച്ച് സീററുകൾ 'ഓപ്പൺ മെറിററ്' (മുൻപരീക്ഷയിൽ കിട്ടിയ മാർക്ക്) അടിസ്ഥാനപ്പെടുത്തി വിതരണം ചെയ്യുന്നു. നല്ലപോലെ പഠിച്ച്, ഉപരിപഠനത്തിനുള്ള യോഗ്യത തെളിയിച്ച വിദ്യാർത്ഥികൾ ഈ ചെറിയ ശതമാനം സീററുകൾക്കുവേണ്ടി പരുഷമായ പരസ്പരമൽസരത്തിൽ ഏർപ്പെടേണ്ടിയിരിക്കുന്നു. അതേസമയം മാനേജ്മെൻറ് ക്വാട്ടയിൽപ്പെട്ട സീററുകൾ അങ്ങാടിനിലവാരമനുസരിച്ച് അതതുകാലത്തു നടപ്പുള്ള നിരക്കിനോ, ലേലം ചെയ്തു കിട്ടുന്ന ഏററവും കൂടിയ തുകയ്ക്കോ, മിനിമം യോഗ്യതയുള്ളവർക്ക് വില്ക്കപ്പെടുന്നു.

മത-ഭാഷാ ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതാനും വിദ്യാർത്ഥി-സീററുകളെ 'സർക്കാർ ക്വാട്ടയിൽ' പെടുത്തുന്നതു്, ഇഷ്ടപ്പടി വിദ്യാലയങ്ങൾ സ്ഥാപിച്ച് അവ ഭരിക്കാൻ ന്യൂനപക്ഷങ്ങൾക്ക് അധികാരം നൽകുന്ന ഭരണഘടനയുടെ ലംഘനമായിരിക്കുമെന്ന് ഈയിടെ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് വിധിക്കുകയുണ്ടായി. ഭരണഘടനയിലെ പ്രസക്തഭാഗം താഴെ ഉദ്ധരിക്കാം.

'30-1. എല്ലാ ന്യൂനപക്ഷങ്ങൾക്കും, അവ മതം അടിസ്ഥാനമായി ഉള്ളവ

ആയാലും ഭാഷ അടിസ്ഥാനമായി ഉള്ളവ ആയാലും അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

30–2. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിൽ, ഒരു ന്യൂനപക്ഷത്തിന്റെ, അത് മതം അടിസ്ഥാനമായിട്ടുള്ളതായാലും ഭാഷ അടിസ്ഥാനമായിട്ടുള്ളതായാലും, നടത്തിപ്പിൻകീഴിലാണ് എന്നുള്ള കാരണത്താൽ, ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനത്തിനെതിരായി രാഷ്ട്രം വിവേചനം കാണിക്കാൻ പാടുള്ളതല്ല.'

കൊല്ലത്ത് മിലാദേശരീഫ് കമ്മററി നടത്തുന്ന സെക്കൻഡറി ട്രെയ്നിങ് സ്കൂൾ, മതന്യൂനപക്ഷമായ മുസ്ലിങ്ങൾ സ്ഥാപിച്ചതാകയാൽ, അതിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ ഒരു നിയന്ത്രണവും സർക്കാർ ചുമത്തിക്കൂടാ എന്നാണ് ഹൈക്കോടതി വിധിച്ചിട്ടുള്ളത്. മുമ്പ് ഈ സ്കൂളിലെ ഇരുപതു ശതമാനം സീററുകളേ 'മാനേജ്മെൻറ് ക്വോട്ട'യിൽ പെട്ടിരുന്നുള്ളു. ശേഷിച്ച 'സർക്കാർ ക്വോട്ട'യിലെ എൺപതു ശതമാനം സീററുകളിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിരുന്നത് പബ്ലിക് സർവീസ് കമ്മീഷനും വിദ്യാഭ്യാസവകുപ്പുമായിരുന്നു. ഹൈക്കോടതിയുടെ പുതിയ വിധി അനുസരിച്ച് ഈ സ്കൂളിലെ നൂറു ശതമാനം സീററുകൾ മേലിൽ മാനേജ്മെൻറിന് ഇഷ്ടംപോലെ ആർക്കുവേണമെങ്കിലും ലേലംചെയ്തു വില്ക്കാവുന്നതാണ്.

'വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് മതന്യൂനപക്ഷവിദ്യാലയത്തിന്റെ മാനേജ്മെൻറിനുള്ള അവകാശം എടുത്തുമാററി പുറത്തുള്ള ഒരു സമിതിയെ ഏല്പിക്കുന്നതോ, അല്ലെങ്കിൽ മാനേജ്മെൻറിന് ഒരു നിശ്ചിത സീററുകൾ മാററിവെക്കുന്നതോ, മതന്യൂനപക്ഷത്തിന്റെ താല്പര്യത്തിന് അനുസൃതമല്ല. അത്തരത്തിലുള്ള വ്യവസ്ഥയെ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക നൽകിയ അവകാശത്തെ ഹനിക്കുന്നതായിട്ടുമാത്രമേ കണക്കാക്കുവാൻ നിവൃത്തിയുള്ളു' എന്ന് ഹൈക്കോടതി ഡിവിഷൻബെഞ്ച് വിധിയിൽ പ്രസ്താവിച്ചതായി പത്രങ്ങളിൽ കാണുന്നു.

ഇതനുസരിച്ച്, ഹിന്ദുക്കൾ ഒഴികെ മററു മതക്കാരോ, മലയാളം ഒഴികെ മററു ഭാഷകൾ സംസാരിക്കുന്നവരോ കേരളത്തിൽ നടത്തുന്ന, സാങ്കേതികസ്ഥാപനങ്ങൾ അടക്കമുള്ള, എല്ലാ വിദ്യാലയങ്ങളിലെയും എല്ലാ സീററുകളും 'മാനേജ്മെൻറ് ക്വോട്ട'യിൽ പെടുന്നതായിരിക്കും. അവ ലേലംചെയ്ത് ഏററവും കൂടുതൽ കോഴ നൽകുന്നവർക്ക് വില്ക്കാൻ മാനേജ്മെൻറുകൾക്ക് അവകാശമുണ്ടായിരിക്കും.

ഈ സ്ഥിതിവിശേഷത്തെ കേരള സർക്കാർ എങ്ങനെ നേരിടുമെന്ന് നമുക്ക് കാത്തിരുന്നു കാണാം.

കോളേജുകളിൽ കോഴസമ്പ്രദായം നിലവിൽ വന്ന സാഹചര്യത്തെപ്പററി അല്പമൊന്നു ചിന്തിക്കുന്നത് ഈ പ്രകൃതത്തിൽ അസംഗതമായിരിക്കുകയില്ല.

ഇന്ത്യയിൽ കോഴക്കോളേജ് സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ് മണിപാലിലെ പരേതനായ ഡോ. ടി. എം. പൈ ആയിരുന്നു. പണക്കാരെ പിഴിഞ്ഞ് പാവങ്ങളെ സഹായിക്കുകയായിരുന്നുവത്രേ ഡോ. പൈയുടെ പ്രഖ്യാപിതോദ്ദേശ്യം. പക്ഷേ, ദക്ഷിണകർണാടകജില്ല മദിരാശി ഗവണ്മെൻറിന്റെ (മദ്രാസ് സർവകലാശാലയുടെയും) അധികാരാതിർത്തിയിലായിരുന്ന കാലത്തോളം, കോഴ വാങ്ങി കോളേജ് നടത്താനുള്ള ഡോ. പൈയുടെ പരിശ്രമത്തെ പ്രഗല്ഭനായ വൈസ് ചാൻസലർ ഡോ. ലക്ഷ്മണസ്വാമി മുതലിയാർ തടഞ്ഞുനിർത്തി. സംസ്ഥാന പുനഃസംഘടനയെത്തുടർന്ന് മണിപാൽ കർണാടക സംസ്ഥാനത്തിന്റെ ഭാഗമായപ്പോൾ ഡോ. പൈയുടെ ആശ പൂവണിഞ്ഞു. 1953–ൽ മണിപാലിലെ കസ്തൂർബാ മെഡിക്കൽകോളേജിലെ സീററുകൾ സീററൊന്നിന് മൂവായിരം രൂപ വിലയ്ക്ക്, ഡോ. പൈ വിററുതുടങ്ങി. പി

ന്നീട്ട് ഒരു സീററിൻെറ വില രണ്ടര ലക്ഷം രൂപവരെ ഉയർന്നു. ഇതു് എം. ബി. ബി. എസ്. കോഴ്സിൻെറ കാര്യം. പോസ്റ്റ് ഗ്രാജ്വേററ് കോഴ്സുകളിൽ പ്രവേശനത്തിന് കോഴയായി ഇതിലുമെത്രയോ കൂടുതൽ പണം അവിടെ വാങ്ങിയിരുന്നതായി കേട്ടിട്ടുണ്ട്. ഈ തുകയിൽ ഒരു പങ്ക് വിദേശനാണ്യമായി കൊടുക്കണമെന്നും പറഞ്ഞുകേട്ടിരുന്നു. തെക്കെ ആഫ്രിക്കയിൽനിന്നു പോരുമ്പോൾ നാട്ടുകാർ സമ്മാനിച്ച ഏതാനും ആഭരണങ്ങൾപോലും, ഭർത്താവിൻെറ നിർബന്ധംമൂലം, തിരിച്ചുകൊടുക്കുവാൻ നിർബന്ധിതയായ പാവം കസ്തൂർബായുടെ പേരിലുള്ള ഒരു സ്ഥാപനമാണല്ലോ ഈ കോഴ—വിഷവൃക്ഷത്തെ ഇന്ത്യയിൽ നട്ടുവളർത്തിയതു് എന്നോർക്കുമ്പോൾ ഖേദം തോന്നുന്നു. ഇപ്പോൾ കസ്തൂർബാ മെഡിക്കൽ കോളേജ് പ്രവേശനത്തിനു കോഴ വാങ്ങുന്ന സമ്പ്രദായം അവസാനിപ്പിച്ചതായും, പകരം വിദ്യാർത്ഥികളിൽനിന്നു വാങ്ങുന്ന ഫീസ് പരമാവധി വർദ്ധിപ്പിച്ചിട്ടുള്ളതായും അറിയുന്നു.

കസ്തൂർബാ മെഡിക്കൽ കോളേജിൽ ഫലപ്രദമായി കണ്ട കോഴസ്സമ്പ്രദായം, ഇന്ത്യയിലെ മററു് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക്, പ്രത്യേകിച്ച് മെഡിക്കൽ—എൻജിനീയറിങ് കോളേജുകളിലേക്ക്, വ്യാപിക്കാൻ ഏറെ താമസമുണ്ടായില്ല. രാഷ്ട്രീയപ്പാർട്ടികൾ അഹമഹമികയാ കോഴസ്സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചു. 1980 മുതൽ 1983 വരെ മുഖ്യമന്ത്രിയായിരുന്ന ഗുണ്ടുറാവുവിൻെറ കീഴിൽ കർണാടക സ്റ്റേററിൽ പുതുമഴയ്ക്കു് കൂണുകൾപോലെ കോഴ—എൻജിനീയറിങ്—മെഡിക്കൽ കോളേജുകൾ പൊട്ടിമുളച്ചുവന്നു. ഇപ്പോൾ കർണാടകത്തിൽ നാലു് ഗവണ്മെൻറ് മെഡിക്കൽ കോളേജുകളും പതിനാലു് സ്വകാര്യ മെഡിക്കൽ കോളേജുകളുമുണ്ട്. സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ബാംഗ്ലൂരിലെ സെയ്ൻറ് ജോൺസ് ഒഴിച്ച് മറെറല്ലാം കോഴക്കോളേജുകളാണു്. സർക്കാർ മെഡിക്കൽ കോളേജുകളിൽ 1987—88-ൽ 350 വിദ്യാർത്ഥികളെ ചേർത്തപ്പോൾ, പ്രൈവററ് കോളേജുകളിൽ ആ ആണ്ടിൽ ചേർത്തതു് 2,605 വിദ്യാർത്ഥികളെയായിരുന്നു. ഇവരിൽ 340 പേർ 'ഗവണ്മെൻറ് ക്വോട്ട'യിൽ പെട്ടവരായിരുന്നു; ബാക്കി 2,265 പേർ 'കോഴ'ക്കാരും.

കർണാടകത്തിൽ ഗവണ്മെൻറ് ഉടമയിൽ 16 എൻജിനീയറിങ് കോളേജുകളുണ്ട്; സ്വകാര്യമേഖലയിൽ 34-ഉം. ഇവയിൽ എല്ലാംകൂടി ആണ്ടിൽ 16,418 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നു. ഇവരിൽ 1,184 വിദ്യാർത്ഥികൾ മാത്രമാണു് ഗവണ്മെൻറ് കോളേജുകളിലുള്ളവർ. സ്വകാര്യ കോളേജുകളിൽ 60 ശതമാനത്തോളം സീററുകൾ 'ഗവണ്മെൻറ് ക്വോട്ട'യിലാണ്. ഇന്ത്യയിലാകെയുള്ള എൻജിനീയറിങ് കോളേജുകളിൽ 20 ശതമാനവും കർണാടകത്തിലാകുന്നു. ആണ്ടുതോറും ഇന്ത്യയിലാകെ 20,000-ത്തോളം എൻജിനീയറിങ് ബിരുദധാരികളാണു് വിദ്യാഭ്യാസം മുഴമിച്ച് കോളേജുകളിൽനിന്ന് പുറത്തുവരുന്നതു്. ഇവരിൽ 40 ശതമാനത്തോളം കർണാടകത്തിലെ കോഴക്കോളേജുകളുടെ സന്തതികളാണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. കോഴക്കോളേജുകളിൽ മാനേജ്മെൻറ് ക്വോട്ടയിലുള്ള സീററുകൾക്ക് കർണാടക സ്റ്റേററിലെ വിദ്യാർത്ഥികൾ 30,000 രൂപയും മററു സ്റ്റേററുകളിലെ വിദ്യാർത്ഥികൾ 60,000 രൂപയും കോഴ കൊടുക്കണമായിരുന്നു. ആവശ്യക്കാർ വർദ്ധിക്കുകയും, അവർക്കെല്ലാം സീററുകൾ കൊടുക്കാൻ കഴിയാതിരിക്കുകയും ചെയ്തപ്പോൾ, 1970 മുതൽ കോഴപ്പണത്തുക കുതിച്ചുയരാൻ തുടങ്ങി; 1979—1983 കാലഘട്ടത്തിൽ ഈ തുകവർദ്ധന അതിൻെറ പാരമ്യത്തിലെത്തുകയും ചെയ്തു.

കോളേജുകളിലെ കോഴ അവസാനിപ്പിക്കുമെന്ന വാഗ്ദാനത്തോടെയാണ് ജനതാ പാർട്ടി നേതാവ് ഹെഗ്ഡെ കർണാടകത്തിൽ തിരഞ്ഞെടുപ്പിനു് നിന്നതും ജയിച്ചതും. പക്ഷേ, അണ്ടിയോടടുത്തപ്പോൾ ഹെഗ്ഡെ മാങ്ങയുടെ പുളി അറിഞ്ഞു. കോഴക്കോളേജ് മാനേജ്മെൻറുകളെ തൊട്ടുകളിക്കുന്നതു് തൻെറ രാഷ്ട്രീയഭാവിയെ പ്രതികൂലമായി ബാധിക്കുമെന്നു് അദ്ദേഹം മനസ്സിലാക്കി. അതിനാൽ, കോഴസ്സമ്പ്രദായത്തെ അവസാനിപ്പിക്കാനല്ല, മറിച്ച്

പിൻവാതിലിലൂടെ കടത്തിക്കൊണ്ടുവന്ന ശാശ്വതീകരിക്കാനാണ് ഹെഗ്ഡെ മുതിർന്നത്.

1983 ജൂലൈ 11-ാം തീയതി ഒരു ഓർഡിനൻസ് ആയി നടപ്പിൽ വരുത്തുകയും, പിന്നീട് നിയമസഭയിൽ ഒരു ആക്ട് ആയി അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്ത കർണാടക വിദ്യാഭ്യാസ സ്ഥാപന (കോഴ നിരോധ) നിയമത്തിലെ മൂന്നാം വകുപ്പ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് കോഴ (ക്യാപ്പിറ്റേഷൻ ഫീ) വാങ്ങുന്നത് നിരോധിച്ചു. എന്നാൽ, ഈ ആക്ട് നടപ്പിൽ വരുത്തുന്നതിനുമുമ്പ് സ്ഥാപിച്ച കോഴക്കോളേജുകളെ, അഞ്ചു കൊല്ലത്തേക്ക്, സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ, അധിക ഫീസും ഡെപ്പോസിറ്റ് തുകയും വാങ്ങാൻ ഈ നിയമം അധികാരപ്പെടുത്തി.

കോഴ തടയുന്നതിനു പകരം, കോഴയുടെ പേര് 'ഡിപ്പോസിറ്റ്' എന്നും 'ഫീസ്' എന്നുമാക്കി മാറ്റുകയാണ് ഈ നിയമം ചെയ്തത്. ഈ നിയമപ്രകാരം പുതിയ പേരുകളിൽ കോഴ വാങ്ങാവുന്നത് 1988 ജൂലൈ 11-ാം തീയതി വരെയായിരുന്നു. അതിനുശേഷം കോഴക്കോളേജുകൾ എന്തുചെയ്യണമെന്ന് ഇതെഴുതുമ്പോഴും കർണാടക സർക്കാർ പ്രഖ്യാപിച്ചിട്ടില്ല.

കോഴ മെഡിക്കൽ കോളേജുകളിലെയും കോഴ എൻജിനീയറിങ് കോളേജുകളിലെയും ഫീസ് ഘടന ഭാവിയിൽ എങ്ങനെയായിരിക്കണമെന്നു പഠിച്ച് റിപ്പോർട്ട്ചെയ്യാൻ രണ്ടു കമ്മറ്റികളെ കർണാടക സർക്കാർ നിലവിൽ വരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളെ കർണാടക സ്റ്റേറ്റിലുള്ളവരെന്നും പുറത്തുള്ളവരെന്നും രണ്ടു വർഗമായി തിരിച്ച്, ഓരോ വർഗത്തിനും ഓരോ വിധത്തിൽ ഫീസ് ചുമത്താനാണ് ഈ കമ്മറ്റികൾ ശുപാർശചെയ്യുക എന്നു വിശ്വസിക്കപ്പെടുന്നു. ഇതുപോലെ കോഴക്കോളേജുകളെ വികസിച്ചവയെന്നും വികസിക്കാത്തവയെന്നും തരംതിരിച്ച് ഓരോ ഇനത്തിലും വെവ്വേറെ ഫീസ് നിശ്ചയിക്കാനും ആലോചനയുണ്ടത്രേ. ഏതായാലും ഒരു കാര്യം ഉറപ്പിക്കാം: കോളേജുകളിലെ കോഴസമ്പ്രദായം അവസാനിപ്പിക്കാൻ കർണാടക സർക്കാരിന് പരിപാടിയില്ല; പരിപാടിയുള്ളത്, മുമ്പ് മുൻകൂറായി വിദ്യാർത്ഥികളിൽനിന്ന് വാങ്ങിയിരുന്ന കോഴത്തുക ഫീസെന്ന പുതിയ പേരിൽ പല ഗഡുക്കളായി അവരിൽനിന്നു പിരിച്ചെടുക്കാനാണ്.

മറ്റു സ്റ്റേറ്റുകളിൽ കോഴ ഒരു പ്രശ്നമായി ഇപ്പോൾ ഉന്നയിക്കപ്പെടുന്നതു പോലുമില്ല.

കേരളത്തിൽ, പുതിയ ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ കോളേജുകളിലെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കോഴ കുറച്ചു കാലത്തേക്ക് ഒരു വിവാദവിഷയമായിത്തീർന്നേക്കാം. പക്ഷേ, ഒരു അനിവാര്യത എന്ന നിലയിൽ അതിനെ ശാശ്വതമായി അംഗീകരിക്കാൻ നാം നിർബന്ധിതരാവുമെന്നാണ് എനിക്കു തോന്നുന്നത്.

പ്രമേഹം ഒരു രോഗമല്ലെന്നും, അതൊരു ജീവിതരീതി മാത്രമാണെന്നും പരേതനായ ആർ. ശങ്കർ ഒരവസരത്തിൽ എന്നോടു പറയുകയുണ്ടായി. (ശങ്കർ ഒരു പ്രമേഹരോഗിയായിരുന്നു.) കോഴ ഒരു തിന്മയല്ലെന്നും ഒരു ജീവിതരീതി മാത്രമാണെന്നും അംഗീകരിക്കുന്നത് ഒരുപക്ഷേ, നമ്മുടെ ധാർമികമായ സ്വാസ്ഥ്യത്ത് ആവശ്യമായേക്കാം.

മനുഷ്യനെന്നപോലെ മനസ്സാക്ഷിക്ക് കണ്ണുകൾ ഉണ്ടോ? ചില അവസരങ്ങളിൽ അടയ്ക്കാനെങ്കിലും കണ്ണുകൾ മനസ്സാക്ഷിക്ക് ഉണ്ടായിരിക്കുന്നതാണു നല്ലത്.

(1 ആഗസ്റ്റ്, 1988)